# കേരള നിയമസഭ
# 20.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 20, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

*241 ശ്രീ. റ്റി. വി. രാജേഷ്
,, ജെയിംസ് മാത്യു
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്കൂളുകളിലും ഉച്ചഭക്ഷണ പദ്ധതി മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുതുതായി ഉത്തരവ് എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതനുസരിച്ച് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കും അദ്ധ്യാപക–രക്ഷാകർതൃസമിതിക്കും എന്തെല്ലാം ചുമതലകളാണ് പ്രസ്തുത ഉത്തരവു പ്രകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പദ്ധതി ചെലവിനായുള്ള സാമ്പത്തികസ്രോതസ്സ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ലാന്റ് ഗവേണൻസ് സൊസൈറ്റി</u>

*242 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) റവന്യൂ റിക്കവറി പ്രകാരം പിടിച്ചെടുത്ത എത്ര ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള ഭൂമി വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വില്പന നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012–ലെ മറുപടിക്ക്

<u>സ്മാർട്ട് ക്ലാസ് റൂം പദ്ധതി</u>

*243 ശ്രീ. ആർ. സെൽവരാജ്
'' കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, എ. പി.അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്ത് ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ബോധനരീതിയാണ് പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കയർ വ്യവസായത്തിലെ പ്രതിസന്ധി</u>

*244 ശ്രീ. സി.കെ. സദാശിവൻ
'' എ.എം. ആരിഫ്
'' കെ. ദാസൻ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായത്തിലെ പ്രതിസന്ധിയും തൊഴിലില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം നിർജ്ജീവാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലോ കൂലിയോ ലഭിക്കാതെ കഷ്ടപ്പെടുന്ന തൊഴിലാളികളെ സഹായിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) കയർ എക്സ്പോകൾ എത്രമാത്രം പ്രസ്തുത മേഖലയെ സഹായിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

രജിസ്ട്രേഷന്‍ വകുപ്പില്‍ ഓണ്‍ലൈന്‍ സംവിധാനം

*245 ശ്രീ.ഐ. സി. ബാലകൃഷ്ണന്‍
'' ഹൈബി ഈഡന്‍
'' വി. ഡി. സതീശന്‍
'' റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ വകുപ്പില്‍ ഓണ്‍ലൈന്‍ സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ;വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംവിധാനം പ്രവര്‍ത്തനക്ഷമമായിട്ടുണ്ടോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്;

(ഡി) എത്ര സബ് രജിസ്ട്രാര്‍ ഓഫീസുകളില്‍ ഈ സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ട്;വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇത് നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012–ലെ മറുപടിക്ക്

<u>സ്കൂൾ പാഠപുസ്തകങ്ങളിലെ പരിഷ്കരണം</u>

*246 ശ്രീ. എൻ. ഷംസുദ്ദീൻ
'' സി. മമ്മൂട്ടി
'' പി. ബി. അബ്ദുൾ റസാക്
'' വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യശാസ്ത്രം, ഭാഷ എന്നീ വിഭാഗം പാഠപുസ്തകങ്ങളിൽ പ്രത്യേക രാഷ്ട്രീയപ്പാർട്ടിയുടെ കാഴ്ചപ്പാടുകളുടെ അതിപ്രസരം കാണപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയബോധം, പൗരബോധം,ശുചിത്വബോധം, അച്ചടക്കം, നീതിബോധം, സ്വതന്ത്ര രാഷ്ട്രീയ അവബോധം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കാൻ പത്താംതരംവരെയുള്ള പാഠപുസ്തകങ്ങളിലെങ്കിലും പരിഷ്ക്കരണം ആവശ്യമാണെന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇതിനായി സ്വതന്ത്ര ചിന്താഗതിക്കാരായ വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായരൂപീകരണം നടത്തി ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശവും കൂടി കണക്കിലെടുത്ത് പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കയര്‍ വ്യവസായം</u>

*247 ശ്രീ. വി. ശശി
'' പി. തിലോത്തമന്‍
,, ജി. എസ്. ജയലാല്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ വ്യവസായം സാമ്പത്തിക നഷ്ടം കൊണ്ടും അസംസ്കൃത സാധനങ്ങളുടെ ദൗര്‍ലഭ്യം കൊണ്ടും തകര്‍ച്ചയിലെത്തിയിരിക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി പാഠപുസ്കങ്ങളുടെ പരിഷ്കരണം

*248 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്കരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) സർവ്വേ റിപ്പോർട്ട് കരിക്കുലം കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പാഠപുസ്തകങ്ങളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തുവാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.12.2012–ലെ മറുപടിക്ക്

ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം

*249 ശ്രീ. ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനുവേണ്ടി ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(സി) നിയമത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ</u>
<u>തിരുത്തുന്നതിനുള്ള കാലതാമസം</u>

*250 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തി നൽകുന്നതിന് കാലതാമസം നേരിടുന്നതായി പരാതികളുള്ള സാഹചര്യത്തിൽ തെറ്റുവന്ന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി തിരുത്തി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ;

(ബി) തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഭൂവിനിയോഗ നിയമം</u>

*251 ശ്രീ. എം. ചന്ദ്രൻ
'' ജി. സുധാകരൻ
'' കെ. രാധാകൃഷ്ണൻ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടം നികത്തുന്നത് സംബന്ധിച്ച ഭൂവിനിയോഗ നിയമം നടപ്പാക്കുന്നതിൽവന്നിട്ടുള്ള അനാസ്ഥ സംബന്ധിച്ച് ഹൈക്കോടതി അടുത്തകാലത്ത് പരാമർശം നടത്തിയതായി അറിവുണ്ടോ; ഉണ്ടെങ്കിൽ അത്തരം ഒരു സാഹചര്യത്തിനിടയായത് എന്തുകൊണ്ടെന്ന് പരിശോധിക്കുമോ;

(ബി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ;

(സി) ഹൈക്കോടതി പരാമർശത്തിന് ഇടയാക്കിയത് ഉദ്യോഗസ്ഥ ഭൂമാഫിയാ ബന്ധമാണോ എന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം</u>

*252 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) ഏതൊക്കെ സൗകര്യങ്ങളുടെ വികസനമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത് ;

(സി) എയ്ഡഡ് മേഖലയെ ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

<u>പൊതു വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത</u>

*253 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. കെ. ബാലൻ
,, എ. എം. ആരിഫ്
,, ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട നിലപാടുകളുമായി മുന്നോട്ടുപോകാൻ നടപടി സ്വീകരിക്കുമോ;

(ബി) പാഠ്യപദ്ധതി പരിഷ്കാരം, അധ്യാപക പരിശീലനം, സ്കൂൾ നടത്തിപ്പിലെ ജനപങ്കാളിത്തം തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇവ ദുർബ്ബലപ്പെടാനിടയാക്കിയ ഇപ്പോഴത്തെ നടപടികളിൽ നിന്നും പിന്തിരിയുമോ;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ കാര്യക്ഷമതയും ഗുണമേന്മയും ഉയർത്തിക്കൊണ്ടുവരാൻ സമഗ്രവും ആസൂത്രിതവുമായ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി

*254 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ഹയർ സെക്കന്ററിയിലെ ഒ. ബി. സി. വിഭാഗത്തിൽ കുടുംബവാർഷിക വരുമാനം 4.5 ലക്ഷത്തിൽ കുറവുള്ള വിദ്യാർത്ഥികൾക്ക് മറ്റു നിബന്ധ**20.12.2012**വിദ്യാഭ്യാസ റവന്യൂവും കയറുംഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും പൊതുമരാമത്ത് നകളൊന്നുമില്ലാതെ സ്കോളർഷിപ്പ് നൽകുമ്പോൾ ഇതേ കാറ്റഗറിയിൽപ്പെട്ട സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ
വികസിപ്പിക്കുന്നതിന് പദ്ധതി

*255 ശ്രീ. ഹൈബി ഈഡൻ
'' എം. പി. വിൻസെന്റ്
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കൺസൽട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) പദ്ധതിയുടെ ചെലവിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്</u>

*256 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരായ പെൺകുട്ടികൾക്ക് സംസ്ഥാനത്തെ സ്ക്കൂളുകളിൽ കൗൺസിലിംഗ് തുടങ്ങുവാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ സംവിധാനം സ്ക്കൂളുകളിൽ ഒരുക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സേവനങ്ങളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

റവന്യൂ ഭൂമി സന്നദ്ധസംഘടനകൾക്ക് പതിച്ചു നൽകുന്ന നടപടി

*257 ശ്രീ. വി. ചെന്താമരാക്ഷൻ
'' ജി. സുധാകരൻ
,, കെ.കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി സന്നദ്ധസംഘടനകൾക്ക് പതിച്ചു നൽകുന്നുണ്ടോ ;

(ബി) ഇത്തരത്തിൽ ലഭിക്കുന്ന ഭൂമി സംഘടനകൾ ഏത് തരത്തിൽ ഉപയോഗിക്കുന്നു എന്ന് പരിശോധിക്കാറുണ്ടോ ; പ്രസ്തുത ഭൂമി ഏറ്റെടുത്ത സംഘടനകൾ കൈമാറ്റം ചെയ്തതായി അറിയാമോ ;

(സി) ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ വാണിജ്യസമുച്ചയങ്ങളും ഫ്ളാറ്റുകളും നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) ഇങ്ങനെ ഭൂമി ലഭിക്കുന്നതിന് ജനശ്രീമിഷൻ ചെയർമാന്റെ അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇവർക്ക് വിവിധ ജില്ലകളിൽ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

*258 ശ്രീ. സി. മോയിൻകുട്ടി
'' പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവമൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സിലിണ്ടറുകളുടെ സുരക്ഷാ പരിശോധനയ്ക്കുള്ള സംവിധാനം വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം

*259 ശ്രീ. എം. എ. ബേബി
,, വി. ചെന്താമരാക്ഷൻ
,, എം. ഹംസ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ ;

(സി) മൂല്യനിർണ്ണയം വികേന്ദ്രീകരിച്ച് അതാത് സ്ഥാപനങ്ങൾക്ക് നടത്താം എന്ന വ്യവസ്ഥയെ അനുകൂലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഇതിന്മേലുള്ള അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) അദ്ധ്യാപക സംഘടനകൾ ഇത് സംബന്ധിച്ച് എതിർപ്പ് അറിയിച്ചിരുന്നോ ;

(എഫ്) അവ പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമം</u>

*260 ശ്രീ. സി. കെ. നാണു
'' മാത്യൂ. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/ കേരള സിലബസിൽ പ്രവർത്തിക്കുന്ന ഏതെല്ലാം അൺ എയ്ഡഡ് സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(സി) അംഗീകാരത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

വിദ്യാലയ കലോത്സവങ്ങളിലെ പിരിവ്

*261 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' ഇ. പി. ജയരാജൻ
,, കെ. വി. വിജയദാസ്
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ കലോത്സവങ്ങളുടെ പേരിൽ പിരിവ് നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഇതിനായി പിരിവ് നടത്തുന്നുണ്ടോ ;

(സി) ഇത്തരം നടപടികൾ അന്വേഷിച്ച് ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇത്തരം പിരിവ് നടത്തുന്നുണ്ടോ; ഇതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിലെ ഗവേഷണ പ്രവർത്തനങ്ങൾ</u>

*262 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിനു കീഴിൽ റിസർച്ച് വിംഗ് പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നതു സംബന്ധിച്ച വിശദ വിവരം നല്കാമോ ;

(ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥ, മണ്ണിന്റെ ഘടന, നിർമ്മാണ വസ്തുക്കളുടെ ലഭ്യത എന്നിവ കണക്കിലെടുത്തുള്ള റോഡ്, കെട്ടിടം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) പൊതുമരാമത്ത് പണികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനും, നിർമ്മാണ രീതികൾ അവലംബിക്കാനും തക്കവിധം ഗവേഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് റോഡുകൾ</u>

*263 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരം റോഡുകളുടെ നിർമ്മാണം നടക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഏത് ഏജൻസിയാണ് ഇവയുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഈ റോഡുകളുടെ നിർമ്മാണം വിജയകരമാണെന്ന് കണ്ടാൽ സംസ്ഥാനം മുഴുവനും ഇത്തരം റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം

*264 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) കുട്ടികളിൽ ഐ. ടി. കഴിവുകൾ വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; വിശദീകരിക്കാമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങളും അദ്ധ്യാപക പഠന സഹായിയും തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അനധികൃത മണൽ വാരലും വില്പനയും</u>

*265 ശ്രീ. എ. പ്രദീപ്കുമാർ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിലെയും ആറുകളിലെയും മണൽ അനധികൃതമായി വാരി വില്പന നടത്തിവരുന്ന ക്രിമിനൽ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത മണൽ വാരലും വില്പനയും നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സംവിധാനങ്ങൾ മണൽ മാഫിയകളുടെയും അതിന് സഹായിക്കുന്നവരുടെയും ഭീഷണികൾ മൂലം പരാജയപ്പെട്ടിരിക്കുന്നത് അറിയാമോ;

(ഡി) മണൽ വാരലും വില്പനയും നിയന്ത്രിക്കുന്ന കൃത്യനിർവ്വഹണത്തിലേർപ്പെട്ടവർക്കെതിരെ സംസ്ഥാനത്തുണ്ടായ ഭീഷണികളെക്കുറിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ദേശീയപാത വികസനം

*266 ശ്രീ. പി.കെ. ഗുരുദാസൻ
'' എളമരം കരീം
'' ജെയിംസ് മാത്യു
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത വികസനം ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയുടെയും വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എത്ര മീറ്റർ വീതിയിലാണ് സ്ഥലമെടുക്കാൻ അന്തിമമായി തീരുമാനിച്ചിട്ടുള്ളത്;

(ഡി) സ്ഥലമെടുപ്പ് അലൈൻമെന്റ് നേരത്തെ രേഖപ്പെടുത്തിയത് മാറ്റം വരുത്തുകയുണ്ടായോ; ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ദേശീയ പാത വികസനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012–ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ നയം</u>

*267 ശ്രീ. എം. എ. വാഹീദ്
'' പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത നിർമ്മാണ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണ മേഖലയിൽ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാനും അസംസ്കൃത വസ്തുക്കളുടെയും പ്രകൃതി നിർമ്മാണ സാമഗ്രികളുടെയും ലഭ്യതക്കുറവിനും വർദ്ധിച്ചുവരുന്ന ഊർജ്ജോപഭോഗത്തിന് പരിഹാരം കാണാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നയത്തിലൂടെ സംസ്ഥാനത്തെ റോഡുകൾക്കും വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങൾക്കും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി</u>

*268 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏത് ഏജൻസിയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് ഏത് ജില്ലകൾ കേന്ദ്രീകരിച്ചാണ് നടത്താനുദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം തരത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കാൽനടയ്ക്കുള്ള സ്ഥലം റോഡിന്റെ ഭാഗമാക്കുന്ന നടപടി</u>

*269 ശ്രീ. ബാബു എം.പാലിശ്ശേരി
'' സാജു പോൾ
ശ്രീമതി കെ.കെ. ലതിക
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നവീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള വീതി കൂട്ടലിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാതാകുന്ന സാഹചര്യങ്ങളിൽ കാൽനടയ്ക്കുള്ള സ്ഥലം ടാർ ചെയ്ത് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകളിലെ കാൽനടയാത്രക്കാരുടെ സുരക്ഷാഭീഷണി കണക്കിലെടുത്ത് പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം റോഡുകളിൽ അപകടം ഉണ്ടാകുന്നതരത്തിൽ നിലകൊള്ളുന്ന വൈദ്യുത-ടെലിഫോൺ പോസ്റ്റുകൾ മാറ്റുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അടുത്ത വര്‍ഷത്തേക്കുള്ള സ്കൂള്‍ പാഠപുസ്തകങ്ങള്‍</u>

*270 ശ്രീ. റ്റി. യു. കുരുവിള
'' മോന്‍സ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പുസ്തകങ്ങള്‍ക്കാണ് അടുത്ത വര്‍ഷം മാറ്റം ഉണ്ടാകുക; വിശദമാക്കാമോ;

(ബി) അടുത്ത അദ്ധ്യയന വര്‍ഷത്തേയ്ക്കുള്ള സ്കൂള്‍ പാഠപുസ്തകങ്ങള്‍ ഇതിനകം അച്ചടിക്ക് തയ്യാറായിട്ടുണ്ടോ;

(സി) പുസ്തകങ്ങളുടെ അധികഭാരം കുറക്കുന്നതിനായി കൂടുതല്‍ പേജുകള്‍ ഉള്ള പാഠപുസ്തകങ്ങള്‍ രണ്ട് ഭാഗങ്ങളായി അച്ചടിക്കുന്നതിന് നടപടികള്‍ ഉണ്ടാകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബര്‍ 11.